# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2134 — 26.03.2013 ൽ മറുപടിയ്ക്ക്

## കടാശ്വാസ കമ്മീഷന്റെ നിർദ്ദേശ പ്രകാരം കർഷക വിഹിതം അടച്ച കർഷകർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കടാശ്വാസ കമ്മീഷന്റെ നിർദ്ദേശ പ്രകാരം കർഷക വിഹിതം അടച്ച കർഷകരെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | (എ) കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകുന്ന അവാർഡുകളിൽ സർക്കാർ ബാധ്യതയും കർഷകൻ അടയ്ക്കേണ്ട വിഹിതവും പരാമർശിക്കാറുണ്ട്. ടി അവാർഡുകളുമായി ബന്ധപ്പെട്ട് സർക്കാർ ഏറ്റെടുത്ത ബാധ്യത ഇനത്തിൽ സഹകരണ വകുപ്പിന് അനുവദിച്ച് നൽകിയിരുന്ന 80.93 കോടി രൂപയിൽ സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി പരിശോധനയിൽ അനർഹമെന്ന് കണ്ടെത്തിയതും സർക്കാരിലേയ്ക്ക് തിരിച്ചടച്ചതുമായ 2.01 കോടി രൂപയും, കൊടുത്തു തീർക്കാൻ ബാക്കിയുള്ളതായ 13.08 കോടി രൂപയും കഴിച്ച് ബാക്കി 65.84 കോടി രൂപ 41711 അവാർഡുകളിലായി ഇതിനോടകം കർഷക വിഹിതം അടച്ച് തീർത്ത കർഷകരുടെ വായ്പകൾക്കായി സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) കർഷക വിഹിതം അടച്ച കർഷകർക്ക് രേഖകൾ തിരികെ നൽകുന്നതിൽ സഹകരണ സംഘങ്ങളും ബാങ്കുകളും വീഴ്ചവരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (സി) | കർഷക വിഹിതം അടച്ച കർഷകർക്ക് സർക്കാർ വിഹിതത്തിനായി കാത്തിരിക്കാതെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ ഈട് പ്രമാണം തിരികെ നൽകേണ്ടതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ